(ബി) ഗവമ്മെണ്ടിനു് അങ്ങനെ ബോദ്ധ്യപ്പെട്ടിട്ടില്ല.

ശ്രീ. എ. കെ. ശങ്കുണ്ണി : കൊച്ചി സ്ത്രീകളുടെ ആസ്പത്രിയിൽ യാതൊരു വ്യവസ്ഥയും ഇല്ലാതെ പേ വാർഡും ഇല്ലാതെ ഇരിക്കുന്നതിനാൽ അവിടെ രോഗികളെ ചികിത്സിപ്പിക്കുന്നതിനു് വളരെ വൈഷമ്യം ഉണ്ടാകുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ : ആയുർവ്വേദാശുപത്രിയെ കുറിച്ചാണു് ചോദ്യം.

ശ്രീ. പി. കെ. ഡീവർ : ഇപ്പോൾ ആയുർവ്വേദാശുപത്രിയിൽ സബ് രജിസ്ട്രാർ ആഫീസു് ഇട്ടിരിക്കുന്ന കെട്ടിടത്തിലേക്കു് മാറണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഉണ്ടു്. പക്ഷെ അതിനു് സൌകര്യം ഇല്ലാത്തതുകൊണ്ടാണു് അങ്ങനെതന്നെ ഇട്ടിരിക്കുന്നതു്.

Sri. D. Gnanasigamoni: Sir, I may be allowed to put Question No. 42.

Mr. Speaker: Yes, you can put the question.

FIRST CLASS MAGISTRATE COURT AT NAGERCOIL

***324.** [42] **Sri. P. Thanulingom Nadar:** Will the Hon'ble the Chief Minister be pleased to state.—

(*a*) are the Government aware that the present building in which the First Class Magistrate Court at Nagercoil is accommodated is very inconvenient owing to want of light and air; and

(*b*) if so, whether any arrangements have been made to put up electric lights and fans?

Chief Minister **[Sri. T. K. Narayana Pillai]:** (*a*) So far as the Government are aware there is no inconvenience in the building owing to want of sufficient light and air at present.

(*b*) Arrangements will be made to electrify it.

ആശുപത്രിസ്ഥാപനം

*നമ്പർ. (൪൯) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പുത്തൻ ചിറയിൽ വാഗ്ദാനം ചെയ്തിരുന്ന ആശുപത്രി എപ്പോൾ സ്ഥാപിക്കുമെന്നു പറയുമോ?

(ബി) പ്രസ്തുത ആശുപത്രി സംബന്ധിച്ചു ഗവമ്മെണ്ടു് നാട്ടുകാരോടു് സംഭാവന വാങ്ങിയ തുക എത്ര?

(സി) അതു് സ്വീകരിച്ചിട്ടു് എത്ര കാലമായി?

ധനകാര്യവും റവന്യൂവും മന്ത്രി (ശ്രീ. എ. ജെ. ജോൺ) : കഴിയുന്നതും ഫൻ്റ് ഫർസ്ഥാപിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്.

(ബി യും, സി യും) ഇതിനു് സംഭാവനയായി വാങ്ങിയിരിക്കുന്നതു് ൨൦,൦൦൦ രൂപാ മാത്രമെയുള്ളു. എസ്റ്റിമെയിറനുസരിച്ചു ൨൫,൦൦൦ രൂപാ ആവശ്യമുണ്ടു്. ഈ ൨,൦൦൦ രൂപാ സ്വീകരിച്ചിട്ടു് മൂന്നരകൊല്ലമായി.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : ബാക്കി തുക കൂടി സംഭാവന ചെയ്യാൻ കെൽപ്പുള്ള ആളുകൾ അവിടെ ഇല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : അങ്ങനെയാണെങ്കിൽ കെട്ടിടം ഉടൻ തീരുന്നതാണോ.

ശ്രീ. പി. കെ. ഡീവർ : ൧,൦൦൦ രൂപാ വാങ്ങിയതു് ഏതെങ്കിലും വ്യവസ്ഥകൾക്കു് ഉൾപ്പെട്ടിട്ടാണോ?

ശ്രീ. എ. ജെ. ജോൺ : അതേ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : എന്നാണു് ഈ വാഗ്ദാനം കൊടുത്തതു്?

ശ്രീ. എ. ജെ. ജാൺ : മൂന്നരകൊല്ലത്തിനു മുൻപു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ വാഗ്ദാനം പാലിക്കാതിരിക്കാൻ പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. കെ. എ. മാത്യു : പണം പോരെന്നുള്ള കാരണംകൊണ്ടു് വാഗ്ദാനം പാലിക്കാതിരിക്കുന്നതു് ഗവൺമെണ്ടിന്റെ അന്തസ്സിനു് യോജിച്ചതാണോ?

ശ്രീ. എ. ജെ. ജോൺ : അതിൽ പിന്നീടു് എസ്റ്റിമേറു് വരുത്തി നോക്കിയതിൽ ൧൪,൦൦൦ രൂപാ വേണമെന്നു കണ്ടു. അതുകൊണ്ടാണു് ഇതുവരെ അതിൽ കൈവും പ്രവർത്തിക്കാൻ സാധിക്കാതിരുന്നിട്ടുള്ളതു്.

ശ്രീ. കെ. എ. മാത്യു : അങ്ങനെ ആണെങ്കിൽ ആ സംഭാവന തുക അവർക്കുതന്നെ തിരിയെ കൊടുക്കാമോ?

ശ്രീ. എ. ജെ. ജോൺ : അതു ഗവൺമെണ്ടിന്റെ അന്തസ്സിനു് യോജിച്ചതല്ല.

ശ്രീ. എ. താണുപിള്ള : ഈ സംഭാവന ഗവൺമെണ്ടു് ആവശ്യപ്പെട്ടിട്ടാണോ അതോ സ്വമേധയാ ജനങ്ങൾ നൽകിയതാണോ?

ശ്രീ. എ. ജെ. ജോൺ : ൧,൦൦൦ രൂപ ജനങ്ങൾ സംഭാവന ചെയ്യുകയാണെങ്കിൽ ആശുപത്രി സ്ഥാപിക്കാമെന്നു ഗവൺമെണ്ടു് പറഞ്ഞു. അതനുസരിച്ചു ജനങ്ങൾ ൧൦൦൦ രൂപാ ട്രഷറിയിൽ അടച്ചു.

ശ്രീ. പട്ടം താണുപിള്ള : ഈ പണം അവർക്കു് തിരിയെ കൊടുക്കാമോ?

ശ്രീ. എ. ജെ. ജോൺ : ഞാൻ നേരത്തെ പറഞ്ഞു, അതു ശരിയല്ലെന്നു്. ഏതായാലും ഗവൺമെണ്ടു് അവിടെ ആശുപത്രി തുടങ്ങാൻ പോകുകയാണു്. ൧൯൫൦-ൽ ചിലവാനം രൂപാ ചിലവു് ചെയ്തതു് അവിടെ ആശുപത്രി സ്ഥാപിക്കുമ്പോൾ അതു ഗവൺമെണ്ടിന്റെതായി തീരുന്നതാണു്.

താലൂക്കു രൂപീകരണം

*൯൨൩ (൫൫) സാഹിബു് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

താലൂക്കു രൂപീകരണം (കാൺസ്റ്റിറ്റ്യൂഷൻ ആഫ് താലൂക്ക്സ്) എപ്പോൾ നടക്കുമെന്നു പറയുമോ?

റവന്യുവും ധനകാര്യവും മന്ത്രി(ശ്രീ. എ. ജെ. ജോൺ): ഈപ്രശ്നം ഇപ്പോൾ ആലോചിക്കുന്നില്ല.എപ്പോൾ ആലോചനക്കെടുക്കുമെന്നു പറയാനും സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly